പോലീസ് വകുപ്പ്

കേരളം

No. G1(b)-65324/2026/E

ജില്ലാ പോലീസ് ഓഫീസ്,
എറണാകുളം റൂറൽ
spekmrl.pol@kerala.gov.in
04842624455

തീയതി. 23-11-2026

ഔദ്യോഗിക വിജ്ഞാപനം

23.09.2026 തീയ്യതിയിലെ സംസ്ഥാന പോലീസ് മേധാവിയുടെ സർക്കുലർ നമ്പർ 13/2026/PHQ പ്രകാരവും 16.10.2026 തീയ്യതിയിലെ സോഷ്യൽ പോലീസിംഗ് ഡയറക്ടറേറ്റിലെ കത്ത് നമ്പർ A2-3197/2026/SPD പ്രകാരവും പോലീസ് ഉദ്യോഗസ്ഥരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും മാനസികാരോഗ്യവും ക്ഷേമവും ഉറപ്പാക്കുന്നതിനായി എറണാകുളം റൂറൽ ജില്ലയിൽ സ്ഥാപിക്കുന്ന ജില്ലാ പോലീസ് വെൽനസ് സെന്ററിലേക്ക് ക്ലിനിക്കൽ സൈക്കോളജിസ്റ്റിനെ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യരായ ഉദ്യോഗാർത്ഥികൾ വിജ്ഞാപന തീയതി മുതൽ 14 ദിവസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

തസ്തിക	ഒഴിവുകളുടെ എണ്ണം	നിയമന കാലാവധി	നിയമന സ്ഥലം	പ്രതിമാസ വേതനം
ക്ലിനിക്കൽ സൈക്കോളജിസ്റ്റ്	1	12 മാസം	ജില്ലാ പോലീസ് വെൽനസ് സെന്റർ, എറണാകുളം റൂറൽ, ആലുവ	48,000/-

1. **യോഗ്യതകൾ :**

- റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ (ആർസിഐ) അംഗീകരിച്ച ക്ലിനിക്കൽ സൈക്കോളജി യോഗ്യത, അല്ലെങ്കിൽ സൈക്കോളജി/ക്ലിനിക്കൽ സൈക്കോളജി/അപ്ലൈഡ് സൈക്കോളജിയിൽ ബിരുദാനന്തര ബിരുദവും തുടർന്ന് ക്ലിനിക്കൽ സൈക്കോളജിയിൽ രണ്ട് വർഷത്തെ മുഴുവൻ സമയ എം.ഫിലും.
- ആർസിഐയിൽ സാധുവായ രജിസ്ട്രേഷൻ
- പോലീസ് ഉദ്യോഗസ്ഥർക്ക് സൈക്കോതെറാപ്പി, ക്രൈസിസ് ഇൻ്റർവെൻഷൻ എന്നീ വിഷയങ്ങളിൽ രണ്ട് വർഷത്തിൽ കുറയാതെയുള്ള കൌൺസിലിംഗ് നടത്തിയ മുൻ പരിചയത്തിന് മുൻഗണന.
- മലയാളത്തിലും ഇംഗ്ലീഷിലുമുള്ള പ്രാവീണ്യം, കമ്പ്യൂട്ടർ സാക്ഷരത
- മെഡിക്കൽ ഫിറ്റ്നസ്, സ്വഭാവ സർട്ടിഫിക്കറ്റ്

2. പ്രായപരിധി : പരമാവധി 35 വയസ്സ്

3. തിരഞ്ഞെടുപ്പ് രീതി

- യോഗ്യത, മുൻപരിചയം, എഴുത്തുപരീക്ഷ, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ്.
- എഴുത്തു പരീക്ഷ (100 മാർക്ക്)- Psychology, counselling techniques, psychological assessment, crisis intervention, suicide prevention, professional ethics and confidentiality എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള Objective type ചോദ്യപേപ്പർ ആയിരിക്കും.എഴുത്തുപരീക്ഷയിൽ യോഗ്യതാ മാർക്ക് കുറഞ്ഞത് 40 ആയിരിക്കും.

- അഭിമുഖം (25 മാർക്ക്).

4. ചുമതലകൾ

- വ്യക്തിഗത വിവരങ്ങൾ ശേഖരിക്കുകയും ആയവ പരിശോധിച്ച് വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
- വ്യക്തിഗത, കുടുംബ, ഗ്രൂപ്പ് കൗൺസിലിംഗ് നൽകുക (സ്ട്രെസ് മാനേജ് മെന്റ്, ദേഷ്യം നിയന്ത്രിക്കൽ, സംഘർഷ പരിഹാരം, റിലാക്സേഷൻ ടെക്നിക്കുകൾ).
- സ്വയം ഉപദ്രവിക്കാനുള്ള സാധ്യത, ആത്മഹത്യാ ചിന്ത, അക്രമം അല്ലെങ്കിൽ കടുത്ത മാനസിക വിഷമം എന്നിവയുള്ള കേസുകളിൽ ഇടപെടുകയും ആവശ്യമെങ്കിൽ ഉയർന്ന ചികിൽസാ സൗകര്യങ്ങളിലേക്ക് റഫർ ചെയ്യുകയും ചെയ്യുക.
- എല്ലാ കേസുകളുടെയും രജിസ്റ്ററുകൾ സൂക്ഷിക്കുക. എല്ലാ കേസ്സുകളും അപ്പോയിന്റ്മെന്റ് ഷെഡ്യൂളുകളിലൂടെ ട്രാക്ക് ചെയ്ത് ഫോളോ-അപ്പ് ഉറപ്പാക്കുക.
- കേസ് ഫയലുകൾ (ഹിസ്റ്ററി, ട്രീറ്റ്മെന്റ് പ്ലാൻ, സെഷൻ നോട്ടുകൾ, റിവ്യൂകൾ) സർവീസ്, അച്ചടക്ക രേഖകളിൽ നിന്ന് വേറിട്ട് സുരക്ഷിതമായി, സൂക്ഷിക്കുക.

നിയമനം പൂർണ്ണമായും കരാർ അടിസ്ഥാനത്തിലുള്ളതും, താൽക്കാലികവും, പ്രൊജക്ട് അടിസ്ഥാനമാക്കിയുള്ളതുമായിരിക്കും. ഇത് സ്ഥിര നിയമനത്തിനോ, സർവീസിൽ ലയിപ്പിക്കുന്നതിനോ, പെൻഷൻ ആനുകൂല്യങ്ങൾക്കോ ഉള്ള യാതൊരു അവകാശവും നൽകുന്നതല്ല.

യോഗ്യരായ ഉദ്യോഗാർഥികൾ അപേക്ഷയും, പ്രായവും യോഗ്യതയും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും ബയോഡാറ്റ, പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ സഹിതം "ജില്ല പോലീസ് മേധാവി, ജില്ല പോലീസ് ഓഫീസ്, എറണാകുളം റൂറൽ, ആലുവ, PIN - 683101എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ : 0484-2633550

Email : addlspekmrl.pol@kerala.gov.in

സുദർശൻ കെ എസ് IPS
ജില്ലാ പോലീസ് മേധാവി